"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - ആലപ്പുഴ കാവിൽ സെന്റ് മൈക്കിൾസ് എച്ച്.എസ് ലെ എൽ.പി.എസ്.ടി ശ്രീമതി.എലിസബത്ത് ജിയയുടെ നിയമനാംഗീകാരത്തിനായി എറണാകുളം അങ്കമാലി അതിരൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3750/2025/GEDN തീയതി,തിരുവനന്തപുരം, 10-06-2025

---

പരാമർശം:- 1) സ.ഉ.(സാധാ)നം.3005/2025/പൊ.വി.വ തീയതി 29.04.2025.

2) ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 02.05.2025 ലെ ഡി.ഇ.ഒ. സി.റ്റി.എൽ/196/2025-ബി4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ കാവിൽ സെന്റ് മൈക്കിൾസ് എച്ച്.എസ് ലെ എൽ.പി.എസ്.ടി തസ്തികയിലെ ശ്രീമതി. എലിസബത്ത് ജിയയുടെ 01.06.2022 മുതലുള്ള നിയമനം മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി ശമ്പള സ്കെയിലിൽ താൽക്കാലികമായി അംഗീകരിക്കുന്നതിന് ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ 24.03.2023 ലെ സ.ഉ.(കൈ)നം.29/2023/പൊ.വി.വ പ്രകാരം, 08.11.2021 ന് ശേഷം ഉണ്ടായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകേണ്ടതും മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്ന മുറയ്ക്ക് അത്തരം സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നവരെ അവരുടെ നിയമന തീയതി മുതൽ റഗുലറായി ക്രമീകരിക്കാവുന്നതാണെന്നാണ് ഉത്തരവായിട്ടുള്ളതെന്നും, ശ്രീമതി.എലിസബത്ത് ജിയയുടെ നിയമനം 01.06.2022 മുതലായതിനാൽ എറണാകുളം-അങ്കമാലി അതിരൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ഭിന്നശേഷി സംവരണം പൂർത്തീകരിച്ചിട്ടില്ലായെന്നും ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം (2) പ്രകാരം അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാവിൽ സെന്റ് മൈക്കിൾസ് എച്ച്.എസ് ലെ എൽ.പി.എസ്.ടി തസ്തികയിലെ ശ്രീമതി. എലിസബത്ത് ജിയയുടെ നിയമനം 01.06.2022 മുതൽ ആയതിനാൽ, 24.03.2023 ലെ സ.ഉ.(കൈ)നം.29/2023/പൊ.വി.വ പ്രകാരം ടി നിയമനം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ അംഗീകരിയ്ക്കാൻ കഴിയുകയുള്ളൂ. മേൽ സാഹചര്യത്തിൽ, പരാമർശം (1) ഉത്തരവിലെ 5-ാം ഖണ്ഡികയിലെ 9-ാം വരിയിൽ *"ശമ്പള സ്കെയിലിൽ*

*താത്കാലികമായി*" എന്ന് രേഖപ്പെടുത്തിയിട്ടുളളത് "*ദിവസവേതനാടിസ്ഥാനത്തിൽ* " എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേർത്തല
കോർപ്പറേറ്റ് മാനേജർ, അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി,
കോട്ടയം-അങ്കമാലി അതിരൂപത, റിന്യൂവൽ സെന്റർ, കലൂർ-17.
ശ്രീമതി.എലിസബത്ത് ജിയ, എൽ.പി.എസ്.ടി, സെന്റ് മൈക്കിൾസ് എച്ച്.എസ്, കാവിൽ, ചേർത്തല, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 10-06-2025 11:13:57
സെക്ഷൻ ഓഫീസർ